"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻജിനീയറിങ് വിഭാഗം - കൊല്ലം ജില്ലയിലെ തേവലക്കര ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം- മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഫസീല ബീവി. എ-(PEN:703072)-യ്ക്കെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ളിയു എ) വകുപ്പ്**

സ.ഉ.(സാധാ) നം.1537/2026/LSGD തീയതി,തിരുവനന്തപുരം, 16-08-2026

പരാമർശം:-

1. 26.07.2025 തീയതിയിൽ പുറപ്പെടുവിച്ച കുറ്റപത്രം.
2. ശ്രീമതി. ഫസീല ബീവി. എ-യുടെ 05.08.2025 തീയതിയിലെ പ്രതിവാദ പത്രിക.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.01.2026 തീയതിയിലെ LSGD/PD/23512/2025-VIGA3 നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം.249/2026/LSGD തീയതി 31-01-2026.
5. 30.03.2026 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. 16.07.2026 തീയതിയിൽ നടന്ന ഹിയറിംഗിൽ ശ്രീമതി. ഫസീല ബീവി എഴുതി സമർപ്പിച്ച വാദങ്ങൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തേവലക്കര ബോയ്സ് ഹൈസ്കൂൾ വളപ്പിലൂടെ കടന്ന് പോകുന്ന വൈദ്യുത ലൈനിൽ നിന്നും ഷോക്കേറ്റ് 17.07.2025 തീയതിയിൽ സ്കൂൾ വിദ്യാർത്ഥി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഫസീല ബീവി. എ-യ്ക്ക് എതിരെ (PEN:703072) പരാമർശം (1) പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

2. തേവലക്കര ബോയ്സ് ഹൈസ്കൂൾ കെട്ടിടത്തിന്റെ ചുമരിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള സൈക്കിൾ ഷെഡിന്റെ GI ഷീറ്റ് റൂഫിംഗ് ചെയ്ത മേൽക്കൂരയ്ക്ക് മുകളിൽ കയറിയ

വിദ്യാർത്ഥിയ്ക്കാണ് മേൽക്കൂരയ്ക്ക് മുകളിലായി നിർദിഷ്ട ദൂരപരിധി പാലിക്കാതെ കടന്ന് പോയിരുന്ന ഇലക്ട്രിക് LT ലൈനിൽ നിന്ന് ഷോക്കേറ്റ് മരണം സംഭവിച്ചത്. ടി സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് 17.05.2025-ൽ സ്കൂൾ അധികാരികൾ ലഭ്യമാക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലത്ത് പരിശോധനകൾ നടത്തി അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്ന ഏഴ് കെട്ടിടങ്ങളും ഘടനാപരമായി സുരക്ഷിതമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 25.05.2025-ൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഫസീല ബീവി. എ - ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നു. എന്നാൽ ടി സൈക്കിൾ ഷെഡിന്റെ മുകളിലായി സുരക്ഷാ ഭീഷണിയുള്ള രീതിയിൽ കടന്നു പോകുന്ന ഇലക്ട്രിക് LT ലൈനിനെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയോ അടിയന്തിരമായി ടി സൈക്കിൾ ഷെഡ് പൊളിച്ചു നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തില്ല എന്ന വീഴ്ച ടിയാളുടെ ഭാഗത്ത് നിന്നുണ്ടായി എന്നതിന്റെ അടിസ്ഥാനത്തിലാണ് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചത്.

3. കുറ്റപത്രത്തിന് പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റം നിഷേധിച്ചിട്ടുണ്ട്. നിലവിലെ നിർദ്ദേശങ്ങൾ പ്രകാരം ഏഴ് കെട്ടിടങ്ങൾക്കും ഘടനാപരമായ തകരാറുകളോ പ്രധാനപ്പെട്ട അറ്റകുറ്റപ്പണികളുടെ ആവശ്യകതയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്ന കെട്ടിടങ്ങൾ കൂടാതെ സ്കൂൾ കോമ്പൗണ്ടിൽ അനുമതിയില്ലാതെ അനധികൃത നിർമ്മാണങ്ങൾ നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടുവെന്നും ആയത് ക്രമവൽക്കരിച്ച് അതിന് കൂടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സ്കൂൾ മാനേജർക്ക് നിർദ്ദേശം നല്കിയിരുന്നുവെന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച സൈക്കിൾ ഷെഡിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ലെന്നും ശ്രീമതി.ഫസീല ബീവി. എ- മറുപടി സമർപ്പിച്ചിട്ടുണ്ട്. ടിയാൾ സമർപ്പിച്ച മറുപടി പരിശോധിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. തുടർന്ന് ഔപചാരിക അന്വേഷണത്തിനായി കൊല്ലം നഗരസഭയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.മഞ്ജു ആർ.വി-യെ പരാമർശം (4) പ്രകാരം നിയോഗിക്കുകയുണ്ടായി. പരാമർശ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു;

- തേവലക്കര ബോയ്സ് ഹൈസ്കൂളിലെ ഏഴ് കെട്ടിടങ്ങൾക്ക് മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ചില അനധികൃത നിർമാണങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണത്തിന് സ്കൂൾ മാനേജർക്ക് സംഭവം നടക്കുന്നതിന് മുൻപ് നോട്ടിസ് നൽകിയിരുന്നു എന്നും, പ്രതിവാദ പത്രികയിൽ കുറ്റാരോപിതയായ അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തിയിരുന്നത് ശരിയാണെന്ന് ബോധ്യപ്പെട്ടു.
- ഒരു അധ്യയന വർഷം 17 സ്കൂളുകളുടെയും 42 അംഗനവാടികളുടെയും ഫിറ്റ്നസ് പരിശോധിച്ചു നൽകുക, ബിൽഡിംഗ് പെർമിറ്റുകൾ, വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ, പരാതി തീർപ്പാക്കുക തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഒരു അസിസ്റ്റന്റ് എൻജിനീയറും രണ്ട് ഓവർസിയർമാരും ചേർന്ന് ചെയ്യേണ്ടതായി വരുന്നു. ആയതുകൊണ്ട് തന്നെ നോട്ടീസ് നൽകിയതിനും സംഭവം നടക്കുന്നതിനുമിടയിലുള്ള രണ്ടുമാസക്കാലത്തിനിടയിൽ സ്ഥല പരിശോധനയ്ക്കോ ഓർമ്മക്കുറിപ്പ് നൽകുന്നതിനോ കഴിഞ്ഞില്ല എന്ന് ബോധ്യപ്പെടുന്നു.

- 02.07.2025-ൽ തേവലക്കര സ്കൂളിൽ സ്കൂൾ സേഫ്റ്റി കമ്മിറ്റിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ മീറ്റിംഗ് നടന്നിരുന്നതിന്റെ അറിയിപ്പ് അസിസ്റ്റന്റ് എൻജിനീയർക്ക് ലഭിച്ചിരുന്നില്ല എന്നത് സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണാവുന്നതാണ്. സേഫ്റ്റി കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുക്കുവാൻ അസിസ്റ്റന്റ് എൻജിനീയർക്ക് അറിയിപ്പ് ലഭിച്ചിരുന്നുവെങ്കിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത പ്രസ്തുത മീറ്റിങ്ങിൽ പ്രസ്തുത വിഷയം സൂചിപ്പിക്കുവാൻ സാധിക്കുമായിരുന്നു എന്ന് പറഞ്ഞിട്ടുള്ളത് അംഗീകരിക്കാവുന്നതാണ്.
- സ്ഥല പരിശോധനയിലും രേഖകൾ പരിശോധിച്ചതിൽ നിന്നും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളത് ശരിയാണെന്ന് ബോധ്യപ്പെട്ടു.
- ഹാജരാക്കിയിട്ടുള്ള രേഖകളുടെയും സ്ഥല പരിശോധനകളുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയറായ ശ്രീമതി ഫസീല ബീവിയുടെ വാദഗതികൾ അംഗീകരിക്കാവുന്നതാണ്. എന്നിരുന്നാലും സ്കൂളുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകാതിരുന്നത് അസിസ്റ്റന്റ് എൻജിനീയറുടെ ജാഗ്രത കുറവായി ബോധ്യപ്പെടുന്നു.

4. അച്ചടക്ക നടപടിക്രമങ്ങളുടെ ഭാഗമായി 16.07.2026-ൽ കുറ്റാരോപിതയെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ അറിയിച്ചതിന് സമാനമായ കാര്യങ്ങൾ തന്നെയാണ് നേരിൽ കേട്ടപ്പോഴും അറിയിച്ചിട്ടുള്ളത്.

5. പ്രതിവാദ പത്രിക, ആയതിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം, അന്വേഷണ റിപ്പോർട്ട്, ഹിയറിംഗിൽ അറിയിച്ച കാര്യങ്ങൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു;

- അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഫസീല ബീവി. എ- സ്കൂളിലെ 7 കെട്ടിടങ്ങൾക്കാണ് 2025-26 വർഷത്തേക്കുള്ള ഫിറ്റ്നസ് നൽകിയത്. ആയതിൽ സൈക്കിൾ ഷെഡ് ഉൾപ്പെടുന്നില്ല. ഫിറ്റ്നസ് നൽകിയ ഓട് മേഞ്ഞ കെട്ടിടത്തിന്റെ ചുമരിനോട് ചേർന്നാണ് സൈക്കിൾ ഷെഡ്. ഈ ഷെഡിൽ നിന്നും 88 CM അകലത്തിലാണ് THREE ഫേസ് FOUR LINE വൈദ്യുത ലൈൻ നിലനിന്നിരുന്നത്. ആയത് നിലവിൽ ഒഴിവാക്കിയിട്ടുണ്ട്.
- ഫിറ്റ്നസ് നൽകുന്നതിനായി സ്ഥല പരിശോധന നടത്തിയപ്പോൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഫസീല ബീവി. എ- നിരീക്ഷിക്കുകയും ആയത് റെഗുലറൈസ് ചെയ്യുന്നതിനായി 29.05.2025 തീയതിയിൽ മാനേജർക്ക് കത്ത് നൽകിയിട്ടുമുണ്ട്. പ്രസ്തുത കത്ത് മാനേജർക്ക് അയച്ച് നൽകിയതായി ഡെസ്പാച്ച് രേഖകളിൽ കാണുന്നു.
- അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഫസീല ബീവി. എ- സമർപ്പിച്ച പ്രതിവാദ പത്രികയിലെ വസ്തുതകൾ പരിഗണിച്ച് തുടർ നടപടിയിൽ നിന്നും ടിയാളെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഔപചാരിക അന്വേഷണത്തിൽ അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനായി ഓർമ്മക്കുറിപ്പ് അയക്കുന്നതിൽ ടിയാന്റെ ഭാഗത്ത് ജാഗ്രത കുറവ് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ഫിറ്റ്നസ് നൽകിയ ഓടുമേഞ്ഞ കെട്ടിടത്തിന് അപകടം ഉണ്ടാക്കുന്ന വിധത്തിലാണ് സൈക്കിൾ ഷെഡിനു (GI ROOF) 88cm അകലത്തിൽ മാത്രമുള്ള വൈദ്യുത ലൈൻ. ആയതിന്റെ അപകട സാധ്യത കണക്കിലെടുത്തുകൊണ്ട് നിർദ്ദേശങ്ങൾ സ്കൂൾ നൽകി അപകട സാധ്യത ഒഴിവാക്കുന്നതിൽ ശ്രീമതി.ഫസീല ബീവി. എ- ബന്ധപ്പെട്ടവരെ ജാഗ്രതപ്പെടുത്തിയില്ല.
- കെട്ടിടത്തിന് പിന്നിൽ സ്വതന്ത്രമായി നിൽക്കുന്ന സൈക്കിൾ ഷെഡിലേയ്ക്ക് നേരിട്ട് പ്രവേശിയ്ക്കുവാൻ വാതിലോ മറ്റ് സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. വൈദ്യുത ലൈനിന് അടിയിലൂടെയുള്ള ഇത്തരം നിർമ്മാണങ്ങൾ ഒഴിവാക്കുന്നതിൽ, Structural stability പരിശോധിയ്ക്കുവാനുള്ള നടപടിയുടെ ഭാഗമായി സ്കൂളിൽ എത്തുന്ന അസിസ്റ്റന്റ് എഞ്ചിനീയറെക്കാൾ വളരെയധികം പ്രാഥമിക ഉത്തരവാദിത്തം സ്കൂൾ മാനേജ്മെന്റിനും അധികൃതർക്കുമുണ്ട്.
- മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ 17 സ്കൂളുകൾക്കും 42 അംഗൻവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീൽഡ് വിസിറ്റ് ഉൾപ്പെടെയുള്ള നടപടികൾ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട് വിവിധ സമ്മർദ്ദങ്ങൾ അനുഭവിയ്ക്കുന്ന ഓഫീസറാണ് അസിസ്റ്റന്റ് എഞ്ചിനിയർ എന്ന വാദത്തിൽ കഴമ്പുണ്ട്.
- 02.07.2025-ൽ സ്കൂൾ സേഫ്റ്റി കമ്മിറ്റി ചേർന്നെങ്കിലും സ്കൂൾ വളപ്പിലൂടെ വൈദ്യുത ലൈൻ കടന്നു പോകുന്നതിലുള്ള അപകട സാധ്യത ഈ കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നില്ല. 2025 മേയ് മാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം, സ്കൂൾ കോമ്പൗണ്ടിൽ അപകടകരമാം വിധം നിൽക്കുന്ന ഇലക്ട്രിക് ലൈൻ കെ.എസ്.ഇ.ബി അധികൃതരെ അറിയിയ്ക്കുവാൻ സ്കൂളുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു.
- ഈ ഷെഡിന് ഏകദേശം 15 വർഷത്തോളം പഴക്കമുണ്ട്. പ്രസ്തുത വൈദ്യുത ലൈൻ ഏതാണ്ട് 45 വർഷത്തിലധികമായി സ്കൂൾ കോമ്പൗണ്ടിലൂടെയാണ് കടന്ന് പോകുന്നത്. ഇത്രയും വർഷക്കാലം അപകട സാധ്യത അവിടെ നിലനിന്നിട്ടും സ്കൂൾ മാനേജ്മെന്റോ, പി.റ്റി.എ-യോ, സ്കൂൾ സേഫ്റ്ററി കമ്മിറ്റിയോ ഇതിന്റെ ഗൗരവം മനസ്സിലാക്കി ഇടപെട്ടിട്ടില്ല.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, സ്കൂൾ കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി/ഫിറ്റ്നസ് പരിശോധനയ്ക്കായി അധ്യയന വർഷാരംഭത്തിന് തൊട്ടുമുമ്പ് മാത്രം സ്കൂൾ സന്ദർശിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ, പ്രസ്തുത വിഷയത്തിൽ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് ന്യായയുക്തമല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീമതി.ഫസീല ബീവി. എ-(PEN:703072)- യുടെ പേരിൽ തുടർന്ന് വരുന്ന അച്ചടക്ക നടപടികൾ, ടിയാളുടെ ഭാഗത്ത് നിന്ന് ഭാവിയിൽ ഇത്തരം വിഷയങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിലേയ്ക്കായി, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം **സെൻഷർ** എന്ന ശിക്ഷ ചുമത്തിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ശ്രീമതി.ഫസീല ബീവി. എ-(PEN:703072), അസിസ്റ്റന്റ് എൻജിനീയർ, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം, കേരള.
4. തദ്ദേശ സ്വയംഭരണ (EWB ) വകുപ്പ് (UOF No. EWB3/135/2025-LSGD)
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 17-08-2026
10:49:01
സെക്ഷൻ ഓഫീസർ